ശ്രീ. പി. എസ്സ്. നടരാജപിള്ള: അവക്കു ശരിയായ ശമ്പളം കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ പൊതുജനപ്രതിനിധികൾ തന്നെ വേതനമില്ലാതെ ജോലിചെയ്യുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ടാക്സ് പിരിക്കാൻപോലും സാദ്ധ്യമല്ലെന്നും ശമ്പളം മുഴുവൻ ഗവണ്മെന്റ് കൊടുക്കണമെന്നുമുള്ള ഒരു നിലയാണ് പല പഞ്ചായത്തും എടുക്കുന്നതു്. അതംഗീകരിച്ചു് ശമ്പളം കൊടുക്കാൻ ഗവണ്മെന്റിനു നിവൃത്തിയില്ല.

ശ്രീ. ആർ. സുഗതൻ: പഞ്ചായത്താഫീസറന്മാരുടെ ശമ്പളം എത്രയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗ്രാഡ്വേറ്റ്സിനു് 45–75 സ്കെയിലും, അണ്ടർ ഗ്രാഡ്വേറ്റ്സിനു് 30–45 സ്കെയിലുമാണ്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: പഞ്ചായത്തിലുള്ള ജീവനക്കാരെ സംസ്ഥാനവ്യാപകമായ ഒരു സർവീസിൽ കൊണ്ടുവരുന്നതിനു് ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏതാണ്ടു് അങ്ങനെയാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. എം. മാർക്കോസ്: പഞ്ചായത്തുകളിലെ പ്യൂൺമാർക്കു് എന്താണ് ശമ്പളം?

ശ്രീ. കെ. കൊച്ചുകുട്ടൻ: അലവൻസുൾപ്പെടെ 26 രൂപ.

ശ്രീ. പി. എം. മാർക്കോസ്: അതു കുറവാണെന്നു പരാതിപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്. ശമ്പളം ഇത്രയാണെന്നു അറിഞ്ഞുകൊണ്ടുതന്നെയാണ് അവർ ഉദ്യോഗത്തിനു വന്നിട്ടുള്ളതു്.

ശ്രീ. പി. എം. മാർക്കോസ്: മററു ഡിപ്പാർട്ടുമെന്റുകളിലെ ശിപായിമാർക്കു ലഭിക്കുന്ന ശമ്പളം കൊടുക്കുവാൻ നടപടി എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെന്റിനു ആഗ്രഹമുണ്ടു്. പഞ്ചായത്തുകൾക്കു് സാദ്ധ്യമാണെങ്കിൽ 42 രൂപ കൊടുക്കാവുന്നതാണ്.

ശ്രീ. പി. എം. മാർക്കോസ്: അവരുടെ ശമ്പളം കുറവായതുകൊണ്ടു് കൃത്യനിർവഹണം ശരിയായി പാലിക്കുന്നില്ലെന്നും ശമ്പളം കൂട്ടിക്കൊടുക്കേണ്ടതാണെന്നും പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതായി അറിവില്ല.

കടലാക്രമണം.

* 692. [2] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണംമൂലം സുരക്ഷിതത്വമില്ലാതെ കഴിയുന്ന കടലോരവാസികൾക്കു് ആശ്വാസകരമായ എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(ബി) സുരക്ഷിതമായ സങ്കേതങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ടി തൊട്ടുകിടക്കുന്ന ആഴംകുറഞ്ഞ കായൽപ്രദേശങ്ങൾ ഡ്രഡ്ജർ ഉപയോഗിച്ച് നികത്തി സൗകര്യപ്പെടുത്തുവാൻ ഗവണ്മെന്റ് തയ്യാറാകുമോ;

(സി) കായംകുളം കായലിന്റെ പടിഞ്ഞാറെഭാഗത്തു ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കുവാൻ ശ്രമിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (**ശ്രീ. കെ. ഐ. വേലായുധൻ**):

(എ) ചെല്ലാനം കടലാക്രമണം തടയാൻ ഒരു ഭിത്തി പരീക്ഷണാർത്ഥം പണിതുവരുന്നു. പൂനയിലുള്ള സെൻട്രൽ വാട്ടർ പവ്വർ റിസർച്ച് സ്റ്റേഷനിൽ ഇതുസംബന്ധിച്ച് നടത്തിവരുന്ന റിസർച്ച് വർക്കിനുൾപ്പടെ ഇതിനുവേണ്ടി $12\frac{1}{2}$ ലക്ഷത്തോളം രൂപ ചെലവാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കടലാക്രമണം അനുഭവപ്പെടുന്ന സ്ഥലങ്ങളുടെ സംരക്ഷണ നടപടികൾക്കായി മൂന്നുകോടി രൂപ ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി, സി) അപ്രകാരമുള്ള ഒരു പദ്ധതി ഗവണ്മെന്റിന്റെ ആലോചനയിൽ പെട്ടിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: ഏററവും വീതികുറഞ്ഞ കടലോരപ്രദേശങ്ങളിൽ, കടലാക്രമണംമൂലം കഷ്ടനഷ്ടങ്ങളുണ്ടാകുന്നതുകൊണ്ട് അതിനടുത്തുകിടക്കുന്ന കായൽപ്രദേശങ്ങൾ നികത്തി അവിടെയുള്ളവരെ രക്ഷപ്പെടുത്താൻ കഴിയുമെന്ന് അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: ഏതുവിധത്തിലാണോ കടലാക്രമണത്തെ തടയേണ്ടതെന്ന് വിദഗ്ധന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത് അതനുസരിച്ചാണ് ഗവണ്മെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. യശോധരൻ: ഒരു സ്ഥലത്തെ കടലാക്രമണം തടയാൻ $12\frac{1}{2}$ ലക്ഷം രൂപ ചെലവാകുമെന്ന് ഗവണ്മെന്റ പറയുകയുണ്ടായി. ഈ കായൽ നികത്തുന്ന പദ്ധതിക്ക് വെറും ഒരു ലക്ഷം രൂപ മാത്രം മതിയാകുമെന്ന് അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായത്തെക്കാൾ ഈവക കാര്യങ്ങളിൽ വിദഗ്ധാഭിപ്രായമാണ് നല്ലതെന്നു ഗവണ്മെന്റ വിചാരിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ: ഈ സഭയിൽനിന്ന് ഒരു നിർദ്ദേശം വന്നാൽ അതു സ്വീകരിക്കാൻ മന്ത്രിക്ക് വല്ല വൈമനസ്യവുമുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: സ്വീകരിക്കാൻ വൈമനസ്യമുള്ളതുകൊണ്ടല്ല. വിദഗ്ധന്മാരുടെ അഭിപ്രായമാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. പി. കെ. യശോധരൻ: ഇതു് കൊള്ളാമോ എന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതു ശരിയായ ഒരു നടപടിയല്ലെന്നു മനസ്സിലാക്കിക്കൊണ്ട് അതിനു പണം ചെലവാക്കുന്നതു നന്നാണെന്നു വിചാരിക്കുന്നില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ വിദഗ്ദ്ധന്മാർ ഇവിടെവന്നു് പരിശോധിച്ചതിനുശേഷമാണോ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്?

ശ്രീ. കെ. ഐ. വേലായുധൻ : ഇവിടെവന്നു സ്ഥലത്തിന്റെ സ്ഥിതിയെപ്പററി പഠിച്ചിട്ടും പൂനാ റിസർച്ച് സ്റ്റേഷനിൽ അതിനെപ്പററി പരിശോധിച്ചിട്ടുമാണു് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. എ. കുഞ്ഞൻനാടാർ : കുളച്ചലിലുള്ള കടലാക്രമണത്തെ തടയുന്നതിനു എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

ശ്രീ കെ. ഐ. വേലായുധൻ : താൽക്കാലികമായി ചില നടപടികൾ എടുത്തിട്ടുണ്ടു്. ഇപ്പോൾ ചില നടപടികൾ എടുക്കേണ്ടതിനെപ്പററി ആലോചിച്ചുകൊണ്ടുമിരിക്കുന്നു.

SHRI T. T. DANIEL : May I know, how many houses have been damaged by the recent sea erosion in Kolachal?

SHRI K. I. VELAYUDHAN : No figures are available with me now.

SHRI T. T. DANIEL : Will the Government be pleased to take proper measures to prevent further sea erosion in Kolachal?

SHRI K. I. VELAYUDHAN : Yes.

ശ്രീ. പി. കെ. യശോധരൻ : എന്റെ ചോദ്യം മനസ്സിലാക്കാതെയാണു് ഉത്തരം പറഞ്ഞതു്. കടലാക്രമണംകൊണ്ടു് സുരക്ഷിതത്വമില്ലാത്ത ആളുകൾക്കു് സങ്കേതം നൽകുന്നതിനെപ്പററിയാണു് ഞാൻ ചോദിച്ചതു്?

ശ്രീ. കെ. ഐ. വേലായുധൻ : കടലാക്രമണംമൂലം സുരക്ഷിതത്വമില്ലാതെ കഴിയുന്ന കടലോരവാസികൾക്കു് ആശ്വാസകരമായി എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ എന്നാണു് ചോദ്യം. അതിനാണു് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും, അതനുസരിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും പറഞ്ഞതു്.

ശ്രീ. കെ. സി. എബ്രഹാം : നിലം നികത്തി എടുത്തു് ഇവക്കു് ആശ്വാസം നല്കിക്കൂടേ?

ശ്രീ. കെ. ഐ. വേലായുധൻ : ആ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം : അതിനു സൗകര്യമുള്ള സ്ഥലങ്ങളുടെ ഒരു സർവ്വെ നടത്തുന്നതിനു ഗവണ്മെന്റു തയ്യാറാകുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു നോട്ടീസുവേണം.

ആശുപത്രി കണ്ടിൻജൻസി എംപ്ലായീസ് അസോസിയേഷൻ.

* 693. [3] **ശ്രീ. പി. ഗോപാലൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഹാസ്പിററൽ കണ്ടിൻജൻസി എംപ്ലോയീസ് അസോസിയേഷനിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;